**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2576** **23-02-2026 - ൽ മറുപടിയ്ക്ക്**

**പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾക്ക് പാരിസ്ഥിതിക ഇളവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ്,<br>ശ്രീ. സജീവ് ജോസഫ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംഭരിച്ച ജലം വിനിയോഗിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്ന പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾക്ക് കേന്ദ്രസർക്കാർ പാരിസ്ഥിതിക ഇളവുകൾ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | സംഭരിച്ച ജലം വിനിയോഗിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്ന പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾക്ക് കേന്ദ്രസർക്കാർ പാരിസ്ഥി തിക ഇളവുകൾ അനുവദിച്ചിട്ടുണ്ട്.<br><br>പമ്പ്ഡ് സ്റ്റോറേജ് പദ്ധതികളെ ബി2 വിഭാഗത്തിൽ പരിഗണിക്കുന്നതിന് വനം, പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം (MoEF&CC) 18.05.2023-ൽ പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ ചുവടെപ്പറയുന്നവയാണ്.<br><br>1. പദ്ധതിക്ക് വനഭൂമി സംബന്ധിച്ച അനുമതി (Forest Clearance) ആവശ്യമില്ലാത്തതാകണം.<br><br>2. വന്യജീവി സംരക്ഷണ നിയമ പ്രകാരം അനുമതി (Wildlife Clearance) ആവശ്യമായിരിക്കരുത്.<br><br>3. പദ്ധതിയുടെ ഭാഗമായി പുതിയ ജലാശയം സൃഷ്ടിക്കരുത്.<br><br>4. നിലവിലുള്ള ജലാശയത്തിന്റെ സംഭരണ ശേഷിയിൽ വർദ്ധന വരുത്തരുത്.<br><br>5. നിലവിലുള്ള ജലാശയത്താൽ മുങ്ങി പോകുന്ന പ്രദേശത്തിന്റെ (submergence area) വിസ്തീർണം വർദ്ധിക്കരുത്.<br><br>മുകളിൽപ്പറഞ്ഞ എല്ലാ മാനദണ്ഡങ്ങളും പാലിക്കുന്ന ബി2 വിഭാഗത്തിൽ വരുന്ന പദ്ധതികൾക്ക് വിശദമായ പാരിസ്ഥിതിക ആഘാത പഠനം അനിവാര്യമല്ല. പൊതു തെളിവെടുപ്പും ആവശ്യമില്ല. ഇവയുടെ പാരിസ്ഥിതിക അനുമതി സംസ്ഥാന പരിസ്ഥിതി ആഘാത വിലയിരുത്തൽ അതോറിറ്റി (State Environment Impact Assessment Authority)യ്ക്ക് നൽകാവുന്നതാണ്. |

| | | | |
|---|---|---|---|
| | | | 2026 ജനുവരിയിൽ സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി പുറത്തിറക്കിയ 2035-36 ആകുമ്പോഴേക്കും 100 GW ഹൈഡ്രോ പമ്പ്ഡ് സ്റ്റോറേജ് പ്രോജക്ടുകൾ സാധ്യമാക്കുന്നതിനുള്ള റോഡ് മാപ്പിൽ ചില പരിസ്ഥിതി അനുമതി ഇളവുകൾ ലഭ്യമാക്കണമെന്ന് ശിപാർശ ചെയ്തിട്ടുണ്ട്. |
| (ബി) | പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾക്കായി വനഭൂമി മാറ്റിവെക്കുന്നതുൾപ്പെടെയുള്ള വിഷയങ്ങൾ സംബന്ധിച്ച് മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിരിക്കുന്ന വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (ബി) | പമ്പ്ഡ് സ്റ്റോറേജ് പദ്ധതികളുമായി ബന്ധപ്പെട്ട പരിഹാര വനവൽക്കരണത്തിന് (compensatory Afforestation) ആവശ്യമായ ഭൂമിയുടെ കാര്യത്തിൽ, വനേതര ഭൂമിക്ക് പകരമായി ഇരട്ടി വിസ്തീർണ്ണത്തിലുള്ള ശോഷണം സംഭവിച്ച വനഭൂമി അനുവദിക്കാവുന്നതാണെന്ന് സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ